**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **09-06-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹ് പദ്ധതി എപ്പോഴാണാവിഷ്കരിച്ചതെന്നും പ്രസ്തുത പദ്ധതിക്കാവശ്യമായ തുക എത്രയാണെന്നും എങ്ങനെയാണ് ഫണ്ട് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ; | (എ) | 26.12.2019-ലെ ഉത്തരവ് പ്രകാരമാണ് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ അടങ്കൽ തുക 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF)-ൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര മൽസ്യത്തൊഴിലാളികൾക്കാണ് വീട്നിർമ്മിച്ചുകൊടുക്കുന്നതെന്നും ഇതിനകം എത്രപേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി ഫിഷറീസ് വകുപ്പിന്റെ സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ വിശദമായ സർവെയുടെയും അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ എണ്ണം 20931 ആയി റിവൈസ് ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രകാരം 10275 ഗുണഭോക്താക്കളുടെ ലിസ്റ്റ് 9 ജില്ലകളിലായി ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കാൻ കഴിയുമാറ് ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | വീട് നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 50 മീറ്ററിനുള്ളിൽ സ്വന്തമായി വീടുണ്ടായിരിക്കണം. ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരുവിധ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കും. |
| (ഡി) | കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിനു വിധേയരാകുമ്പോൾ അവരുടെ സുരക്ഷിതത്വമാണോ പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിന് വിധേയരാകുമ്പോഴുള്ള സുരക്ഷിതത്വം മാത്രമല്ല പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നത്. ചുവടെ പറയുന്ന ലക്ഷ്യം കൂടിയുണ്ട്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുക. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം തീരത്ത് ഒരു ഹരിത കവചമുൾപ്പെടെയുള്ള 'ബഫർസോൺ' ഒരുക്കുക. |
| (ഇ) | എങ്കിൽ കടൽതീരത്ത് നിന്ന് വളരെ ദൂരത്തു താമസിക്കേണ്ടി വന്നാൽ അത് അവരുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന ഭൂമിയിലാണ് പുനരധിവസിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ